# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

Prot. No. MPL:28/26/12 27 March 2026

## സർക്കുലർ

## പെസഹാ ആചരണം: വിശ്വാസത്തിന്റെ പൈതൃകവും കുടുംബപാരമ്പര്യവും

ഓശാനഞായറാഴ്ചയോടു കൂടി നമ്മൾ അമ്പതുനോമ്പിന്റെ അവസാനവാരമായ പീഡാനുഭവവാരത്തിലേക്ക് പ്രവേശിക്കുകയാണ്. മിശിഹായുടെ മഹത്വപൂർണ്ണമായ ജെറുസലേം പ്രവേശനത്തെയാണ് ഇന്ന് നമ്മൾ അനുസ്മരിക്കുന്നത്. ഈശോയുടെ പീഡാനുഭവം, മരണം, സംസ്കാരം, ഉത്ഥാനം എന്നിവയെക്കുറിച്ച് ധ്യാനിക്കുന്ന ഈ പുണ്യ ദിനങ്ങളിൽ നാം നടത്തുന്ന ഓരോ കർമ്മങ്ങൾക്കും പ്രാർത്ഥനകൾക്കും ആഴമേറിയ അർത്ഥങ്ങളുണ്ട്.

വിദേശ രാജ്യത്ത് വസിക്കുന്ന മാതാപിതാക്കൾ എന്ന നിലയിൽ, നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് അതീവ ശ്രദ്ധയോടെ കൈമാറേണ്ട ചില ഉദാത്തമായ വിശ്വാസ പാരമ്പര്യങ്ങളുണ്ട്. മാർത്തോമാക്രിസ്ത്യാനികളായ നമ്മുടെയിടയിൽനിന്ന് അമൂല്യമായ പല ആചാരങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, പരമ്പരാഗതമായ നമ്മുടെ പെസഹാ ആചരണത്തെക്കുറിച്ച് നവതലമുറയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. പെസഹാ തിരുനാൾ: പശ്ചാത്തലം

ഈജിപ്തിലെ അടിമത്തത്തിൽനിന്നും ദൈവം ഇസ്രായേൽ ജനത്തെ മോചിപ്പിച്ചതിന്റെ തലമുറകൾ നീളുന്ന ഓർമ്മയാചരണമാണ് പഴയനിയമപെസഹാ. പുളിപ്പില്ലാത്ത അപ്പത്തിന്റെയും കൊല്ലപ്പെട്ട കുഞ്ഞാടിന്റെയും ആഘോഷമായിരുന്നു അത് (പുറപ്പാട് 12:1-30). എന്നാൽ ഈശോ തന്റെ അന്ത്യത്താഴത്തിന് ഈ തിരുനാൾ തിരഞ്ഞെടുത്തു. കുഞ്ഞാടിന്റെ രക്തത്തിനുപകരം തന്റെ രക്തവും, പുളിപ്പില്ലാത്ത അപ്പത്തിനുപകരം തന്റെ ശരീരവും നൽകിക്കൊണ്ട് അവിടുന്ന് വിശുദ്ധ കുർബാന സ്ഥാപിച്ചു (ലൂക്കാ 22:1-38). കഴിഞ്ഞ 2000 വർഷങ്ങളായി ലളിതവും ഭക്തിനിർഭരവുമായ പെസഹാ ആചരണത്തിലൂടെ നാം ഈ ദൈവാനുഭവം കൈമാറിവരുന്നു.

### 2. പെസഹാ അപ്പം മുറിക്കൽ: സവിശേഷതകൾ

ലോകത്തിലെ മറ്റു ക്രൈസ്തവ സമൂഹങ്ങളിൽ കാണപ്പെടാത്തതും, നമ്മുടെ കുടുംബങ്ങളിൽ മാത്രം തലമുറകളായി നിലനിൽക്കുന്നതുമായ പാവനമായ പാരമ്പര്യമാണ് പെസഹാ അപ്പം മുറിക്കൽ. മാർത്തോമാക്രിസ്ത്യാനികളുടെ വിശ്വാസപൈതൃകത്തിന് പിന്നിലെ യഹൂദ വേരുകളെയാണിത് സൂചിപ്പിക്കുന്നത്.

**ഒരുക്കങ്ങൾ:**

- **ആന്തരിക ഒരുക്കം**: കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് നടത്തുന്ന നോമ്പുകാല കുമ്പസാരത്തോടെ ഒരുക്കം ആരംഭിക്കുന്നു. വലിയനോമ്പ് കൃത്യമായി പാലിക്കാത്തവർ പോലും വലിയആഴ്ചയിൽ കർശനമായ നോമ്പും ഭക്ഷണക്രമവും പാലിക്കുന്നു.

- **ബാഹ്യമായ ഒരുക്കം**: ആഘോഷങ്ങളിൽ നിന്നും ഉല്ലാസങ്ങളിൽ നിന്നും മാറി നിൽക്കുന്നു. വീടും പരിസരവും ശുദ്ധിയാക്കുന്നു. വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കി വെയ്ക്കുന്നു. ഒരു വലിയ യാത്രയ്ക്കുള്ള ഒരുക്കം പോലെ പെസഹാവ്യാഴത്തിന് മുൻപേ ഭവനം ഒരുക്കിയിരിക്കണം (പുറപ്പാട് 12:11).

**3. അപ്പവും പാലും തയ്യാറാക്കൽ**

പെസഹാദിവസം മാത്രം തയ്യാറാക്കുന്ന പുളിപ്പില്ലാത്ത പെസഹാഅപ്പവും (ഇൻറി അപ്പം), തേങ്ങാപ്പാലും ശർക്കരയും സുഗന്ധവ്യഞ്ജനങ്ങളും ചേർത്തുള്ള പെസഹാപാലും ആണ് പ്രധാന വിഭവങ്ങൾ.

- **ഇൻറി അപ്പം:** അരിപ്പൊടി കുഴച്ച് മാവ് തയ്യാറാക്കിയ ഉടനെ, അത് പുളിക്കാൻ അനുവദിക്കാതെയാണ് അപ്പം ഉണ്ടാക്കുന്നത്. പെസഹാ അപ്പത്തിന് **കുരിശപ്പം** അല്ലെങ്കിൽ **ഇൻറി അപ്പം** എന്നും പേരുണ്ട്. 'യൂദന്മാരുടെ രാജാവായ നസ്രായനായ ഈശോ' (INRI) എന്നാണ് ഇതിനർത്ഥം. (മത്തായി 27: 37) കുളിച്ച് ശുദ്ധി വരുത്തി വൃത്തിയുള്ള വസ്ത്രങ്ങൾ അണിഞ്ഞാണ് പെസഹാഅപ്പം തയ്യാറാക്കേണ്ടത്. കനലിൽ ചുടുകയോ ആവിയിൽ പുഴുങ്ങുകയോ ചെയ്യുന്ന വ്യത്യസ്തമായ രീതികളും ഉണ്ട്.

- **കുരിശപ്പം:** കുടുംബനാഥ കുഴച്ച മാവിനു മുകളിൽ, ഓശാന ഞായറാഴ്ച പള്ളിയിൽ നിന്നും ലഭിച്ച കുരുത്തോല മുറിച്ച് കുരിശാകൃതിയിൽ കുടുംബനാഥൻ പ്രാർത്ഥിച്ചു പതിക്കുന്നു. ഒരു വീട്ടിൽ ഒരു കുരിശപ്പം മാത്രമാണ് ഉണ്ടാക്കുക. എന്നാൽ അതേ മാവുകൊണ്ട് കുരിശുവയ്ക്കാത്ത കൂടുതൽ അപ്പങ്ങളും ഉണ്ടാക്കാം.

- **പെസഹാ പാൽ:** തേങ്ങാപ്പാൽ, ശർക്കര, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ചേർത്ത് പാൽ തയ്യാറാക്കുന്നു. ഇതിലും കുരുത്തോല കൊണ്ടുള്ള കുരിശ് ഇടുന്നു. തേങ്ങ ഉടയ്ക്കുമ്പോൾ അതിന്റെ വെള്ളം പുരപ്പുറത്തേക്ക് ഒഴിക്കുന്ന പതിവ് മുൻഗാമികൾക്കിടയിൽ ഉണ്ടായിരുന്നു. ഇത് പഴയനിയമത്തിൽ യഹൂദർ കട്ടളപ്പടിയിൽ കുഞ്ഞാടിന്റെ രക്തം തളിച്ചിരുന്നതിനെ അനുസ്മരിപ്പിക്കുന്നു.

**4. അപ്പം മുറിക്കൽ കർമ്മം**

പെസഹായുടെ രാത്രിയിൽ കുടുംബാംഗങ്ങൾ എല്ലാവരും ഭവനത്തിൽ ഒത്തുചേർന്ന് അത്താഴം കഴിക്കുന്നു. അതിനുശേഷമാണ് അപ്പംമുറിക്കൽ ചടങ്ങ് നടക്കുന്നത്. കുടുംബത്തിലെ കാരണവരാണ് ഇതിന് നേതൃത്വം നൽകുന്നത്. പെസഹാഭക്ഷണം ആ രാത്രിയിലെ അവസാനത്തെ ഭക്ഷണമാകേണ്ടതിനാണ് ഇപ്രകാരം ചെയ്യുന്നത്.

കുടുംബത്തലവൻ കാർമികനായുള്ള ഈ കർമ്മത്തിന്റെ യഥാർത്ഥവേദി കുടുംബമാണ്. കുടുംബത്തിലെ കാരണവരുടെ സ്ഥാനം വ്യക്തമാക്കുന്ന ഒരു ക്രമമാണിത്. അപ്പം മുറിക്കൽ വിശുദ്ധ ഗ്രന്ഥ വായനയോടെയാണ് ആരംഭിക്കേണ്ടത്.

- **ക്രമം:** സങ്കീർത്തനം 135, പുറപ്പാട് പന്ത്രണ്ടാം അധ്യായം എന്നിവ വായിച്ചു പ്രാർത്ഥിക്കുന്നു.

- **അപ്പം മുറിക്കൽ:** കുടുംബനാഥൻ/ പ്രായംചെന്ന കാരണവർ അപ്പത്തിന്മേലുള്ള കുരിശ് മാറ്റി, അപ്പം 13 കഷ്ണങ്ങളായി മുറിക്കുന്നു. തുടർന്ന് പ്രായമനുസരിച്ച് എല്ലാവർക്കും നൽകുന്നു. ഇരുകൈകളും നീട്ടിയാണ് അപ്പം സ്വീകരിക്കുന്നത്. നമ്മുടെ ഭവനങ്ങളിൽ കുടുംബനാഥൻ ഭക്ഷണം വിളമ്പി കൊടുക്കുന്ന ഏക അവസരമാണിത്.

- **ഭക്ഷിക്കുന്ന രീതി:** നിൽക്കുന്ന രീതിയിലാണ് അപ്പം ഭക്ഷിക്കുന്നത്. ഇത് ഈജിപ്തിൽ നിന്നും പുറപ്പെടാനുള്ള ഇസ്രായേൽജനത്തിന്റെ വ്യഗ്രതയെ സൂചിപ്പിക്കുന്നു. പാലിൽ മുക്കിയാണ് അപ്പം കഴിക്കുന്നത്.

- പ്രത്യേക ശ്രദ്ധയ്ക്ക്: മാമ്മോദീസ സ്വീകരിക്കാത്തവർക്കോ അക്രൈസ്തവർക്കോ ഈ കുരിശപ്പത്തിൽ നിന്ന് നൽകാറില്ല.

**5. സാമൂഹിക വശം**

കഴിഞ്ഞ പെസഹായ്ക്കുശേഷം കുടുംബത്തിലെ നേരിട്ടുള്ള ബന്ധുക്കൾ ആരെങ്കിലും മരിച്ചുപോയിട്ടുണ്ടെങ്കിൽ ആ കുടുംബം ആ വർഷം തങ്ങളുടെ വീട്ടിൽ ദുഃഖാചരണത്തിന്റെ ഭാഗമായി അപ്പം പുഴുങ്ങാറില്ല. പകരം ബന്ധുക്കളോ അയൽക്കാരോ അവർക്ക് പെസഹാ വിഭവങ്ങൾ എത്തിച്ചു നൽകുന്നു. ഇത് വിശ്വാസികളുടെ ഇടയിലുള്ള സ്നേഹവും ഐക്യവും ഉറപ്പിക്കുന്നു.

പെസഹാ ആഘോഷം തികച്ചും ഗാർഹികമായ (വീടുകളിൽ നടക്കേണ്ട) ഒന്നാണ്. അതിനാൽ പള്ളികളിൽ ഇതിന് ഔദ്യോഗികമായ ചടങ്ങുകൾ ഇല്ല. എന്നാൽ പ്രവാസികളായ വിദ്യാർത്ഥികൾക്കും തനിച്ചുതാമസിക്കുന്നവർക്കുംവേണ്ടി നമ്മുടെ ഇടവകകളിൽ അനൗദ്യോഗികമായി ഈ ചടങ്ങ് നടത്താറുണ്ട്.

നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളും ഈ വർഷം ഒരുക്കത്തോടെ പെസഹ ആചരിക്കണമെന്നും നമ്മുടെ മക്കൾക്ക് ഈ പാരമ്പര്യത്തിന്റെ അർത്ഥം പറഞ്ഞുകൊടുക്കണമെന്നും അവരെ ഇതിൽ ഹൃദയപൂർവ്വം പങ്കുചേർക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. അനുഗ്രഹീതമായ ഒരു വിശുദ്ധവാരവും ഉയിർപ്പുതിരുനാളും നിങ്ങൾക്കേവർക്കും ഞാൻ ആശംസിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജോൺ പനത്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ

മെത്രാസനമന്ദിരം
മെൽബൺ, 27.03.2026

NB: ഈ സർക്കുലർ 2026 മാർച്ച് 29 ഞായറാഴ്ച മെൽബൺ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്